# KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

Code No. 206

PROGRAMME COMMITTEE
KERALA SCHOOL KALOLSAVAM

## പ്രാണനിലെഴുതിയ മൺതരികൾ

നിശതാലസ്യമിന്നേതോ വിനാഴികയിൽ
നിശ്വസിച്ചെൻമേശമേലിന്നായിരം നിറമഷി
നിറച്ചകിട്ടാർന്നൊരാ നിമിഷമെൻ നിനവിൽ
പിറന്നതാ നിറമഷി കോറിയ താളിലായ്

താളമായി തീർന്നതെൻ തൂവെള്ളമാനസത്തിൽ
തായതൻ ഹൃദയത്തിൻ തുടിപ്പു മഷിയായ്
താണ്ഡവമാടുമിന്നീ തിമിരതനാരവങ്ങൾ
താവകം തായതന്റെ കാതിൽ മുഖരിതമായ്

അന്തർഘമന്ദിരമാ സാന്ധ്യാകവാടം തുറ-
ന്നർക്കരശ്മികൾ ചായം വിതറിവാനിടത്തിൽ
സാന്ധ്യതന്നുറ തോഴി ചെമ്മാനം മനസാലെ
സാന്ദ്രം മാനവ മിഴികളെ ദർശിപ്പാൻ

സന്തതം സാന്ദ്രം നടിച്ചീടും നർത്തകനവ
സങ്കല്പമീ പ്രകൃതി ഭാവത്തിനെതിരോ?
ഇരുൾ ചീന്തു നാടിനും ലോകവാതായനങ്ങൾ
കുങ്കുമം ഇളം തട്ടി നിൽപതെത്രഹാ കഷ്ടം!

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

മേലനിരനിറവർണ്ണ നൃത്തനൃത്യങ്ങൾ തൻ
മിഥ്യയായ് ശങ്കിക്കുമാറുള്ള രൂപങ്ങളാകെ
സാന്ധ്യത്തിൻ കരവിരുതിലാകിരം കനവിലായ്
സങ്കല്പ സ്വപ്നങ്ങളായ് മാറിടും സപ്തവർണ്ണം

പുഴതൻ മൊഴികേൾക്കെ വനാന്തത്തിൽ വഴ്ക്കെ
മൂകയായ് വീഥികളിൽ ഏകയായ് ഞാനിരിക്കെ
ആത്മാവിലാഴ്ന്നിറങ്ങും ഭൂമിയിൻ മാനസ്സത്തിൽ
ആത്മാവിൽ മുളപൊട്ടും കാവ്യകല്പനയേവം

പ്രാതസന്ധ്യയ്ക്കു വന്നൊരാമുത്തി പുഴകണ്ടു
പ്രാണനാം പുഴയ്ക്കൊപ്പം തന്റെയും ബാല്യമോർത്തു
കണ്ണാടിപ്പുഴയിലായ് നീരാടിപ്പോന്നകാലം
കളിമണ്ണിലേവമാ ഭാവന നെയ്ത ബാല്യം

ഇന്നോളം നിന്മേനിയിന്നാകെ കറുത്തിരുണ്ടു
ഇല്ലാത്ത നമ്പൂതിരിമാരും വന്നതില്ല.
ചെന്താമര നീ തന്നു എൻ കൈവെള്ളയിലായ്
ചന്തമില്ലാത്ത നിന്നെ പൊള്ളയായ് തീർത്തതാര്?

മാനവഹൃദയമിന്നൊന്നു പുഴയിൽ മുങ്ങി
മാനിഷാദ പാടുവാൻ കെല്പുള്ള നാദമാകും?
ഹ്വയാങ്ഹോയും നൈലും ഇളയും സിന്ധുവുമീ
ഹാർദ്ദവമാകും സംസ്കാരങ്ങൾ തന്നുറവയേ

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

കായ്കനിയിലുമിന്നി പാനീയം സർവതിലും
ഭൂമിതൻ ഞരമ്പിലും ജീവരക്തമാണു പുഴ
നൈതികമോടെ നിത്യം ജീവന്റെ സത്യമാണ്
സംസ്കൃതം തുടങ്ങിയ ഭാഷയിൽ കാവ്യമാണ്

മണ്ണിലുടൽ മെനഞ്ഞു മേനിയൊരുക്കി നരൻ
മണ്ണിലായ് ചേരുവതെ മണ്ണിലെ പുണ്യമാവാൻ
മണ്ണിലെ പൊന്നുപോലാ മണ്ണിന്റെ മനസല്ലോ
കനിക്കൊയ്ത്തും കലപ്പേം പോയമറഞ്ഞതേയിന്ന്

മരതകം വിരിയും വിത്തിനായ് ദാഹിച്ചിടും
പരവതാനിയാം ഭൂമിതൻ കണ്ഠം തന്നിൽ
ഇരുമ്പുദണ്ഡു തച്ചാഴ്ന്നിറക്കിടും, മാറിൽ
ഇരവിന്നിരയാകും അംബരചുംബി തീർക്കും

കണ്ഠം വരണ്ടുണങ്ങി ഭൂമിതൻ മാറിലായ്
കാണ്ഠം കരിഞ്ഞുണങ്ങ് കരിയിലകൾ പാറി
വേനലിൻ വറുതിയിൽ കറയാം തലമുറ
തേങ്ങലിനാശ്രുവാലെ ഭൂമിയിൽ നനവാർന്നു

കിളികൾ പാടിയോരാ കേരവനികൾ തൻ
വിളികൾ തേങ്ങലിനാൽ കുതിർന്നു മൂകമായ്
വിളയക്കൊടിയെന്നു ധരിച്ചു നരനിന്നാ
വിനയാം മരണത്തിൻ കൊടികളുറപ്പിച്ചു

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

അഴലിന്നമർന്ദ്രമാം മനുമുഖമൃത്യുവൊന്നാ-
ഴക്കാർന്നരാവിന്റെ കുളിർ കൂടാരത്തെന്നിൽ
മഴചാറുമാ രാത്രി വഴിയെന്നുഴലുന്ന
അഴിലാമാത്മാവു നഴുകി പുണർന്നുവോ

ഭൂമിയാം നദിതങ്ങളിലിളുന്ന ശാന്തിപ്രവർ
ലാഘവത്തോടെ കരഗതമാക്കുമതാത്മഹത്യ
കണ്ണീരിന്നുപ്പലിച്ചെന്നമേ പ്രവർത്തിച്ച്
മുനിയായ് കാത്തിരിക്കാം ഈ പുഴവക്കിലായ്

കാലവിളംബം കൂടാതാ പുഴ തെളിഞ്ഞിടും
കാലാകാലങ്ങളോളം തോഴന് തെളിനീരേകും
പ്രാണനിൽ എഴുതുകിൽ മൺതരികളെ നിത്യം
പ്രൗഢവത്തോടെ ഭൂമി അന്നുകൾ താങ്ങിപ്പോകും

ഭൂമിതൻ വിളികളിൽ കാതു ചായ്ച്ചിടേണം നാം
ഭൂമിയിൽ മുഖരിതമാകല്ലേ ഞങ്ങൾ നാദം
ഭൂമിതൻ ദുഃഖാർദ്രമാം നാദം മുഖരിതമാകെ
ഭൂമിയിൽ നൊമ്പരമെൻ മനസ് പുണർന്നുവോ

നൊമ്പരക്കാറ്റിന്നലകളിപ്പടർന്നിടവേ അ-
ൻപെഴുന്നെൻനെഞ്ചിന്നു ചാർത്തിപ്പിടർന്നുവോ
അമ്പരം തന്നൊരാ താരകം ദൃഷ്ടിയിൽ
അമ്പരന്നെന്നിൽ പ്രതീക്ഷതൻ ദീപ്തിയായ്